# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 2026

11.06.2018 ൽ മറുപടിയ്ക്ക്

## അഴീക്കൽ ബീച്ചിൽ പോലീസ് ഔട്ട് പോസ്റ്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ആലപ്പാട് ഗ്രാമപഞ്ചായത്തിലെ അഴീക്കൽ ബീച്ച്, ഫിഷിംഗ് ഹാർബർ എന്നിവിടങ്ങളിലുണ്ടാകുന്ന ക്രമസമാധാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ലഹരിയുടെ വിപണനം നിയന്ത്രിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വിശദീകരിക്കമോ; | (എ) ഓച്ചിറ പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട അഴീക്കൽ ബീച്ച്, ഫിഷിംഗ് ഹാർബർ എന്നീ സ്ഥലങ്ങളിലും മറ്റും സ്ഥിരമായി പട്രോളിംഗ് നടത്തിവരുന്നതും, ക്രമസമാധാന പ്രശ്നങ്ങളോ, ലഹരി വിപണനമോ ശ്രദ്ധയിൽപ്പെട്ടാൽ ആയതിനെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതും, അവധി ദിവസങ്ങളിലും മറ്റും പ്രസ്തുത സ്ഥലങ്ങളിൽ കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെ ഡ്യൂട്ടിയ്ക്കായി നിയോഗിച്ച് വരുന്നതുമാണ്. |
| (ബി) ഇവിടെ പോലീസ് ഔട്ട്പോസ്റ്റ് സ്ഥാപിച്ചിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനം വിശദീകരിക്കമോ; | (ബി) പോലീസ് ഔട്ട്പോസ്റ്റ് സ്ഥാപിച്ചിട്ടില്ല. |
| (സി) മത്സ്യബന്ധനത്തിന് പോകുന്ന തൊഴിലാളികൾ അപകടത്തിൽപ്പെടുന്നത് നിത്യസംഭവമായ ഇവിടെ ആവശ്യമായ സുരക്ഷാ സംവിധാനങ്ങളൊരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) അഴീക്കൽ ഭാഗത്ത് ട്രോൾബാൻ സമയത്ത് മറൈൻ എൻഫോഴ്സ്മെന്റിന്റെ ഒരു രക്ഷാബോട്ട് ഉണ്ടായിരിക്കുന്നതാണ്. ഇതിന് 24 മണിക്കൂറും പോലിസിന്റെയും, ലൈഫ്ഗാർഡിന്റെയും സേവനം ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ